വാർത്താസമ്മേളനം 04.06.2026

**സാമ്പത്തിക അവസ്ഥ ജനങ്ങളോട് തുറന്നുപറയുന്നതിനായാണ് ധവളപത്രം : മുഖ്യമന്ത്രി**

***കേരളത്തിന്റെ പൊതുകടം 5.07 ലക്ഷം കോടി രൂപ**

***സാമ്പത്തികപുനഃസംഘടനയ്ക്ക് സർക്കാർ നീക്കം**

സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥ ജനങ്ങളോട് തുറന്നുപറയുന്നതിനായാണ് ധവളപത്രം (വൈറ്റ് പേപ്പർ) തയ്യാറാക്കിയതെന്നും ഇത് രാഷ്ട്രീയ രേഖയോ കുറ്റാന്വേഷണ റിപ്പോർട്ടോ അല്ലെന്നും മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. നിയമസഭയിലെ മീഡിയ റൂമിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പുതിയ സർക്കാർ അവതരിപ്പിക്കാൻ പോകുന്ന ബജറ്റിന്റെ പശ്ചാത്തലത്തിലാണ് ധവളപത്രം തയ്യാറാക്കിയത്. സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം, ചെലവുകൾ, കടബാധ്യതകൾ, ഭാവിയിൽ നേരിടേണ്ടിവരാവുന്ന സാമ്പത്തിക വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള സമഗ്ര ചിത്രം ജനങ്ങൾക്ക് മുന്നിൽ വെക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമാണെന്നും കടബാധ്യതയും പലിശച്ചെലവും കുത്തനെ ഉയർന്ന സാഹചര്യത്തിലാണ് സർക്കാർ പ്രവർത്തനം ആരംഭിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

2025-26 ബജറ്റ് കണക്കുകൾ പ്രകാരം കേരളത്തിന്റെ ആകെ ബാധ്യത 5.07 ലക്ഷം കോടി രൂപയായി ഉയർന്നു. ഇത് സംസ്ഥാന ജിഎസ്ഡിപിയുടെ 35.5 ശതമാനമാണെന്നും ദേശീയ ശരാശരി 29.2 ശതമാനവും മറ്റ് പ്രധാന 18 സംസ്ഥാനങ്ങളുടെ ശരാശരി 28.81 ശതമാനവുമാണ്. സംസ്ഥാനത്തിന്റെ പലിശച്ചെലവ് മൊത്തം വരുമാനച്ചെലവിന്റെ 17.73 ശതമാനമായി ഉയർന്നപ്പോൾ ദേശീയ ശരാശരി 11.99 ശതമാനമാണ്.

വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്ന തുക വളരെ കുറഞ്ഞ സാഹചര്യമാണ് നിലവിലുള്ളത്. 2024-25 ലെ കണക്കുകൾ പ്രകാരം വികസന ചെലവ് ആകെ ചെലവിന്റെ 39.9 ശതമാനം മാത്രമാണെന്നും ദേശീയ ശരാശരി 63.5 ശതമാനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. അതേസമയം, മൂലധനച്ചെലവ് ജിഎസ്ഡിപിയുടെ 1.34 ശതമാനം മാത്രമാണെന്നും ഇത് ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്രസഹായത്തിൽ ഉണ്ടായ വലിയ കുറവും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലത്ത് ലഭിച്ചിരുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് പൂർണ്ണമായും അവസാനിച്ചു.

സർക്കാർ ഏറ്റെടുത്തപ്പോൾ വൻ കുടിശ്ശിക ബാധ്യതകളും നിലനിന്നിരുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജീവനക്കാരുടെയും അധ്യാപകരുടെയും ഡി.എ കുടിശ്ശികയായി 21,670 കോടി രൂപയും പെൻഷൻകാരുടെ ഡി.ആർ കുടിശ്ശികയായി 14,387 കോടി രൂപയും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് ബാങ്കുകൾക്കും കോൺട്രാക്ടർമാർക്കും 3,431 കോടി രൂപയും നൽകാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സപ്ലൈകോയ്ക്ക് 2,893 കോടി രൂപയും മെഡിക്കൽ സർവീസസ് കോർപ്പറേഷനു 476 കോടി രൂപയും എസ്.സി/എസ്.ടി സ്കോളർഷിപ്പ് കുടിശ്ശികയായി 377 കോടി രൂപയും നൽകാനുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ആകെ 48,733 കോടി രൂപയുടെ നിയമപരമായ ബാധ്യതകളാണ് പുതിയ സർക്കാർ ഏറ്റെടുത്തതെന്നും അദ്ദേഹം വ്യക്തമാക്കി.